**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1876** **08-10-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾക്ക് ക്ഷീരോല്പാദക-മൃഗസംരക്ഷണ മേഖലയിൽ അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം തൊഴിൽ നഷ്ടമായ പ്രവാസികൾക്ക് ക്ഷീരോല്പാദക-മൃഗസംരക്ഷണ മേഖലയിൽ അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അപ്രകാരമുള്ള പദ്ധതികൾ അടിയന്തരമായി തയ്യാറാക്കുമോ? | (എ) | കോവിഡ് മൂലം തൊഴിൽ നഷ്ടമായ പ്രവാസികൾക്ക് ക്ഷീരോത്പാദക-മൃഗസംരക്ഷണ മേഖലയിൽ അവസരം സൃഷ്ടിക്കുന്ന രീതിയിലുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പിൽ കൈകാര്യം ചെയ്യുന്നില്ല. കോവിഡ് ബാധിച്ചോ ക്വാറന്റൈനിലായോ കഴിയുന്ന കർഷകരുടെ ഉരുക്കൾക്ക് തീറ്റ വിതരണം ചെയ്യുന്നതിനായി സംസ്ഥാന ദുരന്തനിവാരണ വകുപ്പിൽ നിന്നും 5 കോടി രൂപ മൃഗസംരക്ഷണ വകുപ്പിനു അനുവദിക്കുകയും ആയത് ജില്ലകൾക്ക് വിതരണം ചെയ്യുകയും ചെയ്തു. യുവസംരംഭകർക്കും, മറുനാട്ടുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്ന പ്രവാസികൾക്കും തങ്ങളുടെ ഭൗതിക, സാമ്പത്തിക സാഹചര്യമനുസരിച്ച് തെരെഞ്ഞെടുക്കാവുന്ന പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കന്നുകാലി വളർത്തൽ ആരംഭിക്കുന്നതിന് മുന്നോടിയായി തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും കാലിത്തൊഴുത്ത് നിർമ്മാണത്തിനും ഉരുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തീറ്റ ധനസഹായം ഉരുക്കളെ പരിപാലിക്കുന്നതിനായി ഭൗതിക ചുറ്റുപാടുകൾ ഒരുക്കുന്നതിന് കാലഘട്ടത്തിനനുസരിച്ച് യന്ത്രവൽക്കരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും ധനസഹായം തുടങ്ങി നിരവധിയായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ